# കണ്ണുനീരിന്റെ ഫലം

## സങ്കീർത്തനം 126:5

"കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും."

ജീവിതഭാരങ്ങളാലും, പ്രയാസങ്ങളാലും മനം കലങ്ങിയിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസം പകർന്നു നൽകുന്ന ഒരു വേദഭാഗമാണ് നാം മേൽ വായിച്ചത്. ഈ വാക്യത്തിന്റെ അർത്ഥം വളരെ ചുരുക്കി ഇപ്രകാരം നമുക്ക് ഗ്രഹിക്കാം, കഷ്ടതയുടെ നടുവിലും ദൈവത്തിലുള്ള തന്റെ വിശ്വാസം കാത്തുസൂക്ഷിക്കുന്നവന് വിജയം സുനിശ്ചയമാണ്. മനുഷ്യരാരും തന്നെ കണ്ണുനീരിന്റെ അനുഭവങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല. പ്രശ്നങ്ങളുടെയും, പ്രതിസന്ധികളുടെയും, കണ്ണുനീരിന്റെയും വഴികളിൽ കൂടി എല്ലാവരും കടന്നുപോകേണ്ടിയിരിക്കുന്നു. എന്നാൽ നാം അറിയേണ്ട ഒരു സത്യം; ഒരു വിത ഉണ്ടെങ്കിൽ ഒരു കൊയ്ത്തുണ്ട്, ഒരു കരച്ചിലുണ്ടെങ്കിൽ ഒരു ആനന്ദഘോഷവുമുണ്ട്. എന്നാൽ അതിനു നാം എന്തു ചെയ്യണം? കണ്ണുനീരോടെ വിതെക്കണം. എന്താണ് നാം വിതെക്കേണ്ടിയത്? എവിടെയാണ് നാം വിതെക്കേണ്ടിയത്? നമ്മുടെ വിത ദൈവത്തിന്റെ സന്നിധിയിൽ ആയിരിക്കണം. നമ്മുടെ വിത്ത് കണ്ണുനീരോടുകൂടിയ നമ്മുടെ പ്രാർത്ഥന ആയിരിക്കണം. അപ്രകാരം തന്റെ കഷ്ടതയിൽ ദൈവത്തിലുള്ള വിശ്വാസം കാത്തുസൂക്ഷിക്കുന്ന ഒരു വ്യക്തി കണ്ണുനീരോടുകൂടി അപേക്ഷിക്കുമ്പോൾ അവനെ വളരെ മേത്തരമായ ഒരു കൊയ്ത്തിന് അല്ലെങ്കിൽ വിടുതലിന് പ്രാപ്തനാക്കുന്നതാണ് ദൈവത്തിന്റെ അത്യന്ത ശക്തി.

പ്രിയരേ, ദൈവമക്കളായ നാം ഓരോരുത്തരും ചെയ്യേണ്ടിയത്, നമ്മുടെ കരച്ചിലിന്റെ മറുപുറമായ ആനന്ദഘോഷം കാണുംവരെയും ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കണം. ചിലപ്പോൾ മുമ്പൊരിക്കലും പ്രാർത്ഥിച്ചിട്ടില്ലാത്ത നിലയിലുള്ള പ്രാർത്ഥനകൾ നാം കഴിക്കേണ്ടിയിരിക്കുന്നു. അപ്രകാരം പഴയനിയമത്തിലേക്ക് നോക്കിയാൽ ജീവിതത്തിലെ വളരെ വലിയ ഒരു പ്രതിസന്ധിയുടെ നടുവിൽ കണ്ണുനീരോടുകൂടി തന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ വിതച്ചവളായിരുന്നു ഹന്ന. അവൾക്കൊരു കുഞ്ഞിനെ വേണം, അവളതിന്നായി ഒരു കാലഘട്ടം മുഴുവനും കരഞ്ഞുകൊണ്ടിരുന്നു. മുമ്പൊരിക്കലും കരഞ്ഞിട്ടില്ലാത്ത നിലയിൽ, മുമ്പൊരിക്കലും പ്രാർത്ഥിച്ചിട്ടില്ലാത്ത രീതിയിൽ ഹന്ന കരയുവാനും പ്രാർത്ഥിക്കുവാനും തുടങ്ങി. ഹന്നായുടെ ഹൃദയം തകർന്നുള്ള പ്രാർത്ഥന കണ്ട പുരോഹിതനായ ഏലിക്ക് അവൾ ലഹരി പിടിച്ചിരിക്കുന്നു എന്ന് തോന്നിപ്പോയി. അത്രമാത്രം അസാധാരണമായ നിലയിൽ മുമ്പൊരിക്കലും പ്രാർത്ഥിച്ചിട്ടില്ലാത്ത വിധത്തിൽ ഹന്നാ പ്രാർത്ഥിച്ചു. കണ്ണുനീരിന്റെ

കാലഘട്ടത്തിൽ കൂടി കടന്നു പോകുന്ന പലരും ഇന്ന് ഈ സന്ദേശം ധ്യാനിക്കുന്നുണ്ടാവാം. ജീവിതത്തിലെ ഏതൊരു അവസ്ഥയുമായിക്കൊള്ളട്ടെ, മുമ്പൊരിക്കലും പ്രാർത്ഥിച്ചിട്ടില്ലാത്ത നിലയിൽ, കരഞ്ഞിട്ടില്ലാത്ത വിധത്തിൽ പ്രാർത്ഥിക്കുവാനും കരയുവാനും ആരംഭിക്കുക, ഒരു കൊയ്ത്ത് നമുക്കായി കാത്തിരിക്കുന്നു.

ഹന്നായുടെ ജീവിതത്തിൽ കരച്ചിൽ മാറി ഒരു വലിയ വിടുതൽ വന്നപ്പോൾ ദു:ഖത്തിന്റെയും വേദനയുടെയും കണ്ണുനീർ, സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും കണ്ണുനീരായി മാറി. ഒരു കാലഘട്ടം മുഴുവനും ഒരു കുഞ്ഞിന്നു വേണ്ടി കരഞ്ഞുകൊണ്ട് കഴിഞ്ഞിരുന്നതായ ഹന്നായുടെ ജീവിതത്തിൽ ദൈവം, ഒന്നിലധികം മക്കളെ നൽകി, വലിയ ആർപ്പോടു കൂടിയ വിടുതൽ അനുഭവിക്കുവാൻ ഇടയാക്കിത്തീർത്തു. പ്രിയ ദൈവപൈതലേ, നമ്മുടെ ജീവിതത്തിൽ ദൈവത്തിനു മറ്റാൻ പറ്റാത്തതായി ഒരു സാഹചര്യവുമില്ല, ഒരു വേദനയും ഒരു പ്രയാസവുമില്ല. എന്തിനും ഏതിനും അതിന്റെ തക്കസമയത്ത് ദൈവം ശാശ്വതമായ പരിഹാരം നൽകി നമ്മെ വിടുവിക്കും. പക്ഷെ അത് നാം അവന്റെ സന്നിധിയിൽ നിത്യം കരച്ചിലോടുകൂടി അപേക്ഷിക്കുമെങ്കിൽ മാത്രം. കാരണം നമ്മുടെ കണ്ണുനീരിനെ മാനിക്കുന്നവനാണ് നല്ലവനായ, കാരുണ്യവാനായ നമ്മുടെ ദൈവം. ആ ദൈവത്തിന്റെ കരങ്ങളിലേക്ക് വിശ്വാസത്തോടുകൂടി നമ്മെ ഏൽപ്പിച്ചുകൊടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 126:6

വിത്തു ചുമന്നു കരഞ്ഞും വിതെച്ചുംകൊണ്ടു നടക്കുന്നു; കറ്റ ചുമന്നും ആർത്തുംകൊണ്ടു വരുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 177